# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5525 24.05.2017 ൽ മറുപടിയ്ക്ക്

## എം.ബി.ബി.എസ് വിദ്യാർത്ഥിനി കുമാരി ശംന തസ്നീം ചികിത്സാ പിഴവ് കാരണം മരണപ്പെട്ട സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എം.ഷാജി | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ രണ്ടാം വർഷ എം.ബി.ബി.എസ് വിദ്യാർത്ഥിനി ആയിരുന്ന കുമാരി ശംന തസ്നീം ചികിത്സാ പിഴവ് കാരണം മരണപ്പെടാൻ ഇടയായ സംഭവത്തെ സംബന്ധിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ? | (എ) | എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജ് രണ്ടാം വർഷ എം.ബി.ബി.എസ് വിദ്യാർത്ഥിനി ആയിരുന്ന കുമാരി ശംന തസ്നീം ചികിത്സാ പിഴവ് കാരണം മരണപ്പെടാൻ ഇടയായ സംഭവം സംബന്ധിച്ച് കളമശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 976/16 (u/s 304A IPC) കേസ് ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും, ക്രൈംബ്രാഞ്ച് ക്രൈം നമ്പർ 152/സി.ആർ./എച്ച്.എച്ച്.ഡബ്ല്യു-II/16 ആയി റീനമ്പർ ചെയ്ത് 14/11/2016 തീയതി മുതൽ സി.ബി.സി.ഐ.ഡി. എച്ച്.എച്ച്.ഡബ്ല്യു-II ഡി.വൈ.എസ്.പി. ശ്രീ.ശശിധരൻ അന്വേഷിച്ചു വരുന്നു. അന്വേഷണത്തിന്റെ ഭാഗമായി ചികിത്സാരേഖകളും, ആശുപത്രി രേഖകളും കണ്ടെടുത്തിട്ടുള്ളതും ബന്ധപ്പെട്ട സാക്ഷികളിൽ നിന്നും മൊഴി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. മരണപ്പെട്ട ശംനാ തസ്നീമിനെ ചികിത്സിച്ച എറണാകുളം മെഡിക്കൽ കോളേജ് അധികൃതരുടെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നറിയുന്നതിലേക്കായി ആശുപത്രി രേഖകളും കേസിന്റെ രേഖകളും വിശകലനം നടത്തിയെങ്കിലും ആശുപത്രി കമ്മിറ്റിയിൽപ്പെട്ട അംഗങ്ങൾക്ക് ഇത് സംബന്ധിച്ച ഏകകണ്ഠമായ തീരുമാനത്തിലെത്താൻ സാധിക്കാത്ത-തിനാൽ, ഒരു Apex Body ഇക്കാര്യം പുനരവലോകനം ചെയ്യണമെന്ന് |

അന്വേഷണ ഉദ്യോഗസ്ഥന്റെ അപേക്ഷയിൻമേൽ, 26/04/2017 തീയതി ആരോഗ്യവകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ Apex കമ്മിറ്റി രേഖകൾ പരിശോധിച്ചിട്ടുള്ളതാണ്. Apex കമ്മിറ്റിയുടെ റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ലാത്തതാണ്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ, ചികിത്സാപിഴവ് സംഭവിച്ചിട്ടുണ്ടോ എന്ന് വെളിവാകുകയുള്ളൂ.

| | |
|---|---|
| (ബി) ക്രൈംബ്രാഞ്ച് ഈ വിഷയത്തിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. |
| (സി) ക്രൈംബ്രാഞ്ച് അന്വേഷണത്തിലൂടെ ചികിത്സ പിഴവിന് കാരണക്കാരായവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്തെല്ലാം അച്ചടക്ക നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) നാളിതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.

൨